# സെന്റ് പോൾസ് എച്ച്. എസ് വെട്ടിമുകൾ



# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

# ആമുഖം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാകുന്നു. വിദ്യാഭ്യാസമേഖല അടിമുടി മാറിക്കഴിഞ്ഞിരിക്കുന്നു. കുട്ടികളുടെ കായികവും മാനസികവും ബൗദ്ധികവുമായ വളർച്ച, സാമൂഹിക ജീവിതനിലവാര വികസനം തുടങ്ങിയവയൊക്കെ ആർജിക്കുന്നതിന് ഉപയുക്തമാകുംവിധം വിദ്യാഭ്യാസരംഗം കാലാനുസൃതമായ മാറ്റങ്ങൾ സ്വീകരിച്ചുവരുന്നു. പൊതുവിദ്യാഭ്യാസരംഗം ആധുനികവൽക്കരിക്കുക, അന്താരാഷ്ട്ര നിലവാരം ഉറപ്പുവരുത്തുന്നതിനുതകുന്ന പഠനോപകരണങ്ങൾ സ്കൂളുകളിലെത്തിക്കുക, ഉന്നത നിലവാരത്തിൽ അധ്യയനം നടത്തുന്നതിന് അധ്യാപകരെ കഴിവുറ്റവരാക്കി വിദ്യാലയങ്ങളെ മാതൃകാ വിദ്യാലയങ്ങളാക്കി ഉയർത്തുക തുടങ്ങിയ മുഖ്യലക്ഷ്യങ്ങളാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

ചരിത്രപ്രസിദ്ധമായ ഏറ്റുമാനൂർ വെട്ടിമുകൾ കുന്നിൽ വി. പൗലോസിന്റെ നാമധേയത്തിലും സംരക്ഷണയിലും ആത്മീയ നിറവിലും പരിലസിക്കുന്ന സെന്റ് പോൾസ് ഹൈസ്കൂൾ അതിന്റെ പ്രയാണത്തിന്റെ 100 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഇക്കാലയളവിനുള്ളിൽ പ്രതിഭാസമ്പന്നരായ അനേകരെ സമൂഹത്തിനു സംഭാവന ചെയ്യാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. അക്കാദമിക മികവും പാഠ്യേതര പ്രവർത്തനങ്ങളുടെ വ്യത്യസ്തതയും കുട്ടികളുടെ സമഗ്രമായ വളർച്ചയും ഈ വിദ്യാലയത്തിന്റെ മേന്മകളാണ്.

ഏറ്റുമാനൂർ ഉപജില്ലയിൽ ഏറ്റവുമധികം കുട്ടികൾ അധ്യയനം നടത്തുന്ന ഈ സ്കൂൾ മികച്ച നിലവാരം കാത്തുസൂക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധമാണ്. രക്ഷിതാക്കളും പൊതുസമൂഹവും ഞങ്ങളിലർപ്പിച്ചിട്ടുള്ള വിശ്വാസമാണ് ഞങ്ങളുടെ കരുത്ത്. അൽപം പോലും നഷ്ടപ്പെടുത്താതെ അക്കാദമിക സമയം കണ്ടെത്തി അധ്യാപകരും കുട്ടികളും പ്രവർത്തിച്ചുകൊണ്ട് കുട്ടികളിൽ സർഗ്ഗശേഷിയും മികവും വളർത്താൻ ശ്രമിക്കുന്നു.

# ലക്ഷ്യങ്ങൾ

1. സ്കൂളിലെ എല്ലാ കുട്ടികൾക്കും ശിശുകേന്ദ്രീകൃതവും സൗഹൃദപരവുമായ രീതിയിൽ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
2. കുട്ടികളുടെ പഠനതാൽപര്യത്തെയും വ്യക്തിത്വ വികാസത്തെയും ത്വരിതപ്പെടുത്തുന്നതിനുള്ള പരിഹാരബോധന പ്രക്രിയ നടത്തുക.
3. നിരന്തരമൂല്യനിർണയ പ്രക്രിയ ചിട്ടപ്പെടുത്തുക.
4. കുട്ടികൾ അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക.
5. LSS, USS, NMMS, NTSC, മറ്റ് സ്കോളർഷിപ്പുകൾക്കായുള്ള പഠനപ്രവർത്തന ഭാഗമായി ഏറ്റെടുത്ത് നടത്തുകയും പൊതുജനപങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുക.
6. ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.
7. പഠനരംഗത്തും പഠനാനുബന്ധരംഗത്തും രക്ഷിതാക്കളുടെ നിരന്തര പിന്തുണ ഉറപ്പാക്കുന്ന തരത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
8. അക്കാദമിക ലക്ഷ്യത്തോടെ പരിപാടികൾ സംഘടിപ്പിക്കുക.
9. വിവിധ പദ്ധതികൾ പലപേരുകളിലായി നടപ്പിൽ ഹിന്ദി, മറ്റുഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനും ഗണിതത്തിൽ അടിസ്ഥാനശേഷി കൈവരിക്കാനുമുള്ള പ്രവർത്തനങ്ങളും ഉറപ്പാക്കുക.
10. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുവേണ്ടി വിവിധ പഠനപ്രവർത്തനങ്ങൾ നടപ്പിലാക്കുക.
11. മുഴുവൻ അധ്യാപകരുടെയും ചിട്ടയായ ഉണർവ് സൃഷ്ടിക്കുക. അധ്യാപകരുടെ അറിവിന്റെ നിലവാരം സിദ്ധിക്കുക.
12. മുന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് അവർ അർഹിക്കുന്ന തരത്തിൽ പിന്തുണയും പ്രത്യേക പരിഗണനയും പരിശീലനവും നൽകുക.
13. Digital Library സൗകര്യങ്ങൾ, സ്കൂൾ ലൈബ്രറി, Mothers' library എന്നിവ ലഭ്യമാക്കുക.
14. പാഠഭാഗവുമായി ബന്ധപ്പെടുത്തി പഠനയാത്രകൾ സംഘടിപ്പിച്ച് കണ്ടും കേട്ടും നിരീക്ഷിച്ചും പഠിക്കുന്നതിനുള്ള അവസരമൊരുക്കുക.
15. അക്കാദമിക കാര്യങ്ങൾ സോഷ്യൽ മീഡിയ പ്രയോജനപ്പെടുത്തുക.
16. ക്ലബ് പ്രവർത്തനങ്ങളിലും സയൻസ്‌ലാബ്, ഗണിതലാബ് പ്രവർത്തനങ്ങളിലും പരമാവധി കുട്ടികളെ പങ്കുചേർത്ത് പഠനപ്രവർത്തനങ്ങൾ ക്രമീകരിക്കുക.
17. Guides, Scout, Little Kites, Red Cross, ബാലജനസഖ്യം എന്നിവ കൂടുതൽ കാര്യക്ഷമമാക്കുക.
18. മികവുകൾ സമൂഹത്തിന് എത്തിക്കുന്നതിനുള്ള വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുക.

# സെന്റ് പോൾസ് എച്ച്. എസ് വെട്ടിമുകൾ

| | |
|---|---|
| തദ്ദേശ സ്വയം ഭരണ സ്ഥാപനം | : ഏറ്റുമാന്നൂർ മുനിസിപ്പാലിറ്റി |
| വാർഡ് | : 5 |
| ബി ആർ സി | : ഏറ്റുമാന്നൂർ |
| ബ്ലോക്ക് | : കോട്ടയം |
| വില്ലേജ് | : ഏറ്റുമാന്നൂർ |
| വിദ്യാഭ്യാസ ജില്ല | : പാലാ |
| ജില്ല | : കോട്ടയം |
| ഫോൺ നമ്പർ | : 0481-2539765 |
| ഇ.മെയിൽ | : stpaulsghs@yahoo.co.in |
| ഹെഡ് മിസ്ട്രസ് | : സി. മേഴ്സി തോമസ് |
| ഫോൺ | : 0481-2539765 |

## ജീവനക്കാരുടെ എണ്ണം

| | |
|---|---|
| ഹെഡ്മിസ്ട്രസ് | : 1 |
| എച്ച്. എസ്. ടി | : 11 |
| ഫിസിക്കൽ എജ്യുക്കേഷൻ | : 1 |
| പ്രവൃത്തി പരിചയം | : 1 |
| UPST | : 9 |
| ഹിന്ദി | : 1+1 (HINDI) |
| സംസ്കൃതം | : 1 |
| എൽ.പി.എസ്.ടി | : 12 |
| ക്ലർക്ക് | : 1 |
| ഓഫീസ് അസിസ്റ്റന്റ് | : 2 |
| എഫ്. ടി. എം | : 1 |
| ആകെ | : 42 |

# ST: PAUL'S HS VETTIMUKAL - 2025-2026

**HEADMISTRESS** : SR. MERCY THOMAS

SENIOR ASSISTANT : LATHIKA MATHEW
PTA SECRETARY : LINCY THAMBI
STAFF SECRETARY : JAYA K.B

**SRG CONVENORS**

LP : SINI JOY
UP : SINDHU MOL V.M
HS : LATHIKA MATHEW

**SITC**

LP : SINI JOY
UP : SELMA A.S
HS : LINI JOSE

MID DAY MEAL : JOSEENA AUGUSTINE
IED STUDENTS INCHARGE : REJEENA BEEVI N M
THIRUBALA SAKYAM : PRIYA JOSEPH
KCSL : SR. SHEEBA, ANUMOL ANTONY
SOCIETY : JAYA K.B
STATIONARY : SHIBY JOSE
DOCUMENTATION : JAIMOL JOSEPH, JAYA K.B
VIDYARANGAM : LINZY VINCENT
GUIDING : SHIBY JOSE, SHEEJA MAREENA MARTIN
JUNIOR RED CROSS : VIDHYA JOSEPH
SCOUT : LISHA VARGHESE
BULBUL : JAYAMOL M K
LITTLE KITES : BINCY SEBASTIAN, LINTA BABY
PHYSICAL EDUCATION : SONIA D
WORK EXPERIENCE : SHIBY JOSE

# L.P Section Academic Master Plans

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നതിന്. | • ഭാഷണത്തിനനുസരിച്ച് ക്ലാസിൽ അവസരം ഒരുക്കൽ.<br>• ഭാഷയുമായി ബന്ധപ്പെട്ട ഐ സി ടി ഉറപ്പാക്കുന്നു.<br>• ദിനാചരണവുമായി ബന്ധപ്പെട്ട വായനയുടെയും, എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.<br>• സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി ഒരുക്കൽ.<br>• പതിപ്പുകൾ, കൈയെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.<br>• വീട്ടു വായന, കൂട്ടുവായന, അമ്മ വായന, ചിത്രവായന പ്രോത്സാഹിപ്പിക്കൽ.<br>• റീഡേഴ്സ്തിയേറ്റർ<br>• സ്വതന്ത്ര സർഗാത്മക രചന. | വർഷം മുഴുവൻ | ടീച്ചർ, രക്ഷിതാക്കൾ | പിടിഎ, രക്ഷിതാക്കൾ |
| സ്വന്തം അനുഭവങ്ങൾ | സംയുക്ത ഡയറി എഴുതുന്നു. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| പറയാനും എഴുതാനും കഴിയുന്നു. സ്വതന്ത്ര രചന നടത്താൻ കഴിയുന്നു. | ക്ലാസ് പത്രം തയ്യാറാക്കൽ | | | |
| എല്ലാ കുട്ടികളും രചനോത്സവ ത്തിൽ മികവ് പുലർത്തുന്നു. | രചന ഉത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രദർശനം നടത്തുന്നു. | മൂന്നുമാസത്തി ൽ ഒരിക്കൽ | ക്ലാസ് ടീച്ചർ സി പി ടി എ | സി പി ടി എ, ബി ആർ സി |
| ഭാഷോത്സവം നടത്തുന്നു. ആത്മവിശ്വാസ ത്തോടെ വായന നടത്തുന്നതിന് . ഭാവനാത്മക വായനയി ലേക്ക്കുട്ടിക ളെ നയിക്കുന്നു. | ചിത്രകഥ പുസ്തകങ്ങൾ നിർമ്മി ക്കുന്നു. ചിത്ര പുസ്തക പ്രദർശനം. | മൂന്നുമാസത്തി ലൊരിക്കൽ | സി പി ടി എ | സി പി ടി എ, ബി ആർ സി |
| സർഗാത്മക ശേഷി വികസിപ്പിക്കു ന്നതിനായി പാട്ടരങ്ങ് നടത്തുന്നു. | വായ്ത്താരികൾ ചേർത്ത് ഈണത്തിലും താളത്തിലും പാട്ട് പാടി അവതരിപ്പിക്കുന്നു . പാട്ട് അരങ്ങ് അവതരണം. | വർഷത്തി ലൊന്ന് | പി ടി എ | പി ടി എ |

# ENGLISH

| Learning objectives | Activities | Duration | Incharge | Finance |
|---|---|---|---|---|
| Make an opportunity to hear and speak English. | Story telling competitions, cartoon display | Weekly once | Teacher, SRG | SSA |

| | | | | |
|---|---|---|---|---|
| Follow teachers instructions. | Origami, games | Weekly 3 times | Teacher | SSA |
| Give an opportunity to speak in English with confidence. | Conversations and interviews with great people.<br><br>English assembly.<br><br>Balasaba in English. | Once a month.<br><br>Weekly once.<br><br>Once a month. | SRG<br>SMC<br><br>teacher<br><br>teacher | SSA |
| Reading with confidence and knowledge about the content. | Class library expansion, news reading competition, reading camps.<br><br>children's magazines reading | June to March.<br><br>Once a month<br><br>Thrice a month<br><br>June to March | Teacher<br><br>SSA<br><br>Teacher | SSA<br><br>SMC |
| Make them right in English without mistakes. | Write an English diary. | Thrice a week | Teacher | |
| To help the children to improve their inborn talents. | English theatre presentation of activities based on learning outcomes. (Skit, drama conversation, story telling, riddle etc) | Once a month | Teacher | SMC |
| To enhance their writing skills in English. | Prepare a handwritten magazine with children's contribution. | Thrice a month | HM<br>Teacher<br>SMC | SMC |
| To exhibit their talents, English day | Presentation of children's performance in | Once a year | Teacher | SSA |

| | | | | |
|---|---|---|---|---|
| celebration. | English. | | | |
| To enhance their physical and mental growth. | Zumba, exercises, games | Daily | Teacher | SSA |
| Exhibit their talent on a public platform. | Padanolsavam | Once a year | HM, teacher, SMC | SMC<br><br>SSA |

## പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം, നിരീക്ഷണം, അറിവ് നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | സി പി ടി എ | പി ടി എ |
| ശാസ്ത്ര മൂല -ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കാൻ | ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | എസ് ആർ ജി, ക്ലാസ് ടീച്ചർ | പി ടി എ |
| ശാസ്ത്ര യാത്ര-ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കാൻ അന്വേഷണ ത്വര വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്രമെഡിക്കൽ പ്രദർശനങ്ങൾ | ആവശ്യാനുസരണം | എസ് ആർ ജി, സി പി ടി എ, ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| ഭൂപടം ഒരുക്കാം-കേര | ഭൂപട വായന, ഭൂപട രചന സൂചിക | വർഷത്തിൽ ഒന്ന് | എസ് ആർ ജി, ക്ലാസ് ടീച്ചർ | പി ടി എ |

| | | | | |
|---|---|---|---|---|
| ളം -ഇന്ത്യ ഭൂപട വായന സൂചിക പരിചയപ്പെടുത്തൽ | നിർമ്മാണം | | | |
| ശാസ്ത്ര വിസ്മയ ചുമർ -ശാസ്ത്ര പഠനം രസകരമാക്കാൻ. | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | എസ് ആർ ജി, ക്ലാസ് ടീച്ചർ | പി ടി എ |
| ശാസ്ത്രോത്സവം -ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം. | വർഷത്തിലൊരിക്കൽ | എസ് ആർ ജി, ക്ലാസ് ടീച്ചർ | പി ടി എ |
| ശാസ്ത്ര മാസിക ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന. | ശാസ്ത്ര മാസികകളുടെ നിർമ്മാണം. | വർഷത്തിലൊന്ന് | എസ് ആർ ജി, ക്ലാസ് ടീച്ചർ | പി ടി എ |

## MATHS

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * **ഗണിത പഠനം രസകരമാക്കൽ** (ചതുഷ്ക്രിയകൾ -സങ്കലനം, വ്യവകലനം, ഗുണനം, ഹരണം-ലളിത | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ -നടപ്പാക്കൽ -മൂല്യനിർണയം. (ഏണിയും പാമ്പും, ഡയസ് കളി, മഡ് റേസ്, കച്ചവടക്കളി ) | ജൂൺ- ഫെബ്രുവരി | S R G ക്ലാസ് ടീച്ചർ | P T A |

| | | | | |
|---|---|---|---|---|
| മാക്കൽ) | | | | |
| * **ഗണിതലാബ് -** ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ, പഠനത്തിന് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | H M<br>S R G<br>Class Teacher | P T A |
| * **ഗണിതച്ചുമർ -** ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | ഗണിതച്ചുമർ ഒരുക്കൽ, ഉപയോഗപ്പെടുത്തൽ | ജൂൺ- ഫെബ്രുവരി | Class Teacher | P T A |
| * **ഗണിത പഠനോപകണ ശില്പശാല -** പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം -പ്രദർശനം | ആവശ്യാനുസരണം | S R G<br>Class Teacher | P T A |
| * **ഗണിത മാഗസിൻ** | ഓരോ ക്ലാസിലെ പാഠഭാഗവുമായി ബന്ധപ്പെട്ട പ്രശ്നോത്തരികൾ, പസിൽസ്, പാറ്റേണുകൾ, ജ്യാമിതീയ ചിത്രങ്ങൾ, മാന്ത്രിക ചതുരങ്ങൾ.... തുടങ്ങിയവ. | (ജൂലൈ - ജനുവരി) വർഷത്തിലൊന്ന്. | S R G<br>ക്ലാസ് ടീച്ചർ | P T A |

# U.P SECTION MASTER PLANS

## MALAYALAM

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചെലവ് | സ്രോതസ്സ് | ചുമതല |
|---|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം - തെറ്റില്ലാതെ എഴുതാനും വായിക്കാനും പറയാനും പ്രാപ്തരാക്കുക | * പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു. (പഠന പിന്തുണക്കാരെ കണ്ടെത്തൽ ) * കേൾക്കുന്നവർ തെറ്റില്ലാതെ എഴുതുക, സ്വന്തം ആശയങ്ങൾ എഴുതൽ (പഠന പിന്തുണക്കാർക്ക് കാർഡുകൾ വാക്യങ്ങൾ നിർമ്മാണങ്ങൾ) * പത്രം, പാഠപുസ്തകങ്ങൾ എന്നിവ വായിക്കുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. * കഥ, കവിത, ലേഖനം, നാടകം, തുടങ്ങിയ സാഹിത്യരൂപങ്ങളിലെ ആശയങ്ങൾ കണ്ടെത്തുന്നു | 3 മാസം | 500/- | സ്കൂൾ പി.ടി.എ | മലയാള അധ്യാപകർ |
| സാഹിത്യ കൃതികളിലെ ആശയം കണ്ടെത്തി വിശകലനം ചെയ്യുക. | കഥ, കവിത, ലേഖനം, നാടകം, തുടങ്ങിയ സാഹിത്യരൂപങ്ങളിലെ ആശയങ്ങൾ കണ്ടെത്തുന്നു. (പിന്തുണ....... ചിത്ര വായന) | 6 മാസം | 1000/- | സ്കൂൾ, വീട് | മലയാള അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| സാമൂഹിക വിഷയങ്ങൾ ഉൾക്കൊള്ളുന്ന സ്വന്തം രചനകളിൽ ഏർപ്പെടുക | കഥ, കവിത, ചിത്രം, ലേഖനം, നാടകം തുടങ്ങി സ്വന്തം രചനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുന്നു. | 8 മാസം | | സ്വന്തം | മലയാളം അധ്യാപിക കുട്ടികൾ. |

## ENGLISH

| Aim | Activities | Duration | Responsible person | Economics sources |
|---|---|---|---|---|
| *To encourage listening and speaking | Interactive story telling sessions, discussing themes and characters, conversation and debates to enhance listening skills | June<br><br>July | English teacher<br><br>English teacher | English club |
| *Introduce different genres (fiction, non-fiction poetry) to enhance vocabulary and listening skills. | Group discussions and role play to improve speaking skills. (Fiction non fiction poetry)<br>Vocabulary games and exercises to build word knowledge. | August<br><br>September<br><br>October | English teacher | English club and PTA |

| | | | | |
|---|---|---|---|---|
| *To encourage reading.<br>Develop basic reading, writing, listening and speaking skills. | Interactive reading circles<br><br>Divide students into groups for reading and writing.<br>preparing and delivering speeches. | November<br><br>December | English teacher | English club and PTA |

## HINDI

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| യുപി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. | അക്ഷരം എഴുത്ത്, ചിഹ്നം ഉറപ്പിക്കൽ, അക്ഷരക്കാർഡ്, വാക്കുകൾ എഴുതിയ കാർഡ്, ക്ലാസ്സ് അക്ഷരമാല പ്രദർശനം, വാക്കുകൾ വാക്യങ്ങൾ ഇവയുടെ നിർമ്മാണം. | ജൂൺ<br><br>ഓഗസ്റ്റ് | അക്ഷര ചാർട്ട്, പാഠപുസ്തകം. | BRC, DIET, റിസോഴ്സ് ടീച്ചേഴ്സ് |
| വീട് ഒരു പരീക്ഷണശാല - കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക. | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ (ഗൃഹോപകരണങ്ങൾ) പട്ടിക തയ്യാറാക്കുന്നു. | സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി, നിഘണ്ടു. | BTA, BRC റിസോഴ്സ് ടീച്ചേഴ്സ് |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ | ഹിന്ദി അസംബ്ലി, ദിനാചരണങ്ങൾ, ക്ലാസ്സിൽ അധിക വായന സാമഗ്രികൾ. | നവംബർ മുതൽ ഫെബ്രുവരി വരെ. | പുസ്തകങ്ങ | PTA, റിസോഴ്സ് ടീച്ചേഴ്സ്. |

| | | | | |
|---|---|---|---|---|
| വികസിപ്പിക്കാനും ഉള്ള അവസരം. (സുരിലിഹിന്ദി) | | | | |

# SANSKRIT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അക്ഷരങ്ങൾ ഉറപ്പിക്കൽ | അക്ഷരം എഴുത്ത്, ചിഹ്നം ഉറപ്പിക്കൽ, അക്ഷരക്കാർഡ്,അക്ഷരമാല പ്രദർശനം, കളികൾ.<br>പറയാം -പഠിക്കാം ചിത്രങ്ങളുടെ പേര് പറയൽ, ചിത്രകഥകൾ. | ജൂൺ- ഓഗസ്റ്റ്<br><br>ജൂൺ -ജൂലൈ | പി.ടി.എ, അധ്യാപകർ | ചാർട്ട്, പാഠ പുസ്തകം<br><br>കലാ പുസ്തകം |
| വീട് ഒരു പരീക്ഷണശാല | വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പറയുക. | സെപ്റ്റംബർ -ഒക്ടോബർ | അധ്യാപിക | സംസ്കൃതം നിഘണ്ടു |
| മത്സര പരീക്ഷകൾക്ക് തയ്യാറാക്കാൻ | ക്വിസ് മത്സരം, മാതൃക ചോദ്യപേപ്പറുകൾ | ജൂൺ- മാർച്ച് | അധ്യാപിക | ക്ലാസ് റൂം |
| പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ആയുള്ള പ്രവർത്തനങ്ങൾ | പഠനോപകരണങ്ങൾ നിർമ്മിക്കുന്നു, ക്ലാസുകൾ നൽകുന്നു. | ജൂൺ -മാർച്ച് | അധ്യാപിക | ക്ലാസ്സ് റൂം |

# BASIC SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ. | ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ.<br><br>നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. | അക്കാദമിക വർഷം<br><br>ജൂലൈ<br><br>ജൂൺ മുതൽ | ശാസ്ത്ര അധ്യാപകർ,<br><br>സയൻസ് ക്ലബ്<br><br>ഹെൽത്ത് ക്ലബ് | PTA രക്ഷിതാക്കൾ. |
| ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ആരോഗ്യ ക്ലബ്ബ് ശാസ്ത്ര ക്ലബ്ബ് ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ | അക്കാദമിക വാർഷം | ശാസ്ത്ര അധ്യാപകർ,<br><br>സയൻസ് ക്ലബ്ബ്,<br><br>ഹെൽത്ത് ക്ലബ് | സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| | പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. ശാസ്ത്രാവ ബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി തയ്യാറാക്കുന്നു. | | | |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | ഐ സി ടി യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.<br><br>പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ | |
| പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ. | പ്രൊജക്ടർ ഉപയോഗിച്ച് ശാസ്ത്ര വസ്തുതകൾ ത്രിമാനരൂപത്തിൽ കാണിച്ചുകൊടുക്കുന്നു. പുതിയ സാധ്യതകൾ പ്രയോജനപ്പെടുത്തി ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ. | |

# SOCIAL SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രം അടിസ്ഥാന വിവരങ്ങൾ നേടിയെടുക്കുക. | നമ്മുടെ സംസ്ഥാനം -രാജ്യം- ഭൂപ്രകൃതി തലസ്ഥാനങ്ങൾ -നദികൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ പരിശോധിച്ചറിയുന്നതിന് വേണ്ടിയുള്ള പട്ടികപ്പെടുത്തൽ, ICT ഉപയോഗിച്ചുള്ള ക്വിസ് പരിപാടികൾ എന്നിവ നടത്തുന്നു. | ജൂൺ<br><br>ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ<br><br>സോഷ്യൽ സയൻസ് ക്ലബ്. | |
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റുന്നതിന്. | ചരിത്ര സ്മാരകങ്ങൾ, ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, തുടങ്ങിയവയുടെ വീഡിയോകൾ ചിത്രങ്ങൾ എന്നിവ ഐ സി ടി സാധ്യതകൾ ഉപയോഗിച്ച് പ്രദർശിപ്പിക്കുന്നു. കുട്ടികൾ തിരിച്ചറിഞ്ഞ് പറയുന്നു, പട്ടികപ്പെടുത്തുന്നു. | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ | അധ്യാപകർ |
| സാമൂഹ്യ ജീവിതത്തിൽ പങ്കുവയ്ക്കലിന്റെയും കരുതലിന്റെയും പ്രാധാന്യം മനസ്സിലാക്കുന്നതിന്. | കുട്ടികൾ തന്നെ വീടുകളിൽ നിന്ന് ഭക്ഷണം ഉണ്ടാക്കി കൊണ്ടുവന്ന ഭക്ഷ്യമേള സംഘടിപ്പിക്കുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA |
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ | സൈബർ സുരക്ഷ, സോഷ്യൽ മീഡിയ അപകടങ്ങൾ, റോഡ് സുരക്ഷ എന്നിവയെ കുറിച്ചുള്ള പ്രത്യേക ക്ലാസുകൾ (അധ്യാപകർ | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് അധ്യാപകർ | പൂർവ്വ വിദ്യാർത്ഥികൾ, അധ്യാപകർ. |

| | | | | |
|---|---|---|---|---|
| പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | /വിദഗ്ധർ നയിക്കുന്നത്).<br><br>റോൾ പ്ലേ, ലഘു നാടകങ്ങൾ എന്നിവ കുട്ടികൾ അവതരിപ്പിക്കുന്നു.<br><br>സൈബർ നിയമങ്ങൾ, റോഡ് സുരക്ഷ, സുരക്ഷിത ഓൺലൈൻ പെരുമാറ്റം എന്നീ വിഷയങ്ങളിൽ അധിഷ്ഠിതമായ ക്വിസ് സംഘടിപ്പിക്കുന്നു. | | | |

# MATHEMATICS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു. ചെയ്താൽ മതി കുറച്ച് നേരം | ഗണിത ശിൽപ്പശാല കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും. | ഒറിഗാമി ശില്പശാല : ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു, അവയുടെ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ. | |

| | | | | |
|---|---|---|---|---|
| | ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | | | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. | ആവശ്യാനു സരണം. | ഗണിത അധ്യാപകർ, ഗണിത ക്ലബ്ബ് അംഗങ്ങൾ | |
| ഗണിതം മധുരമാക്കൽ. | ഗണിത പാർക്ക് : ജാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകിയ വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം. | ഗണിത ക്ലബ്ബ്. | പി ടി എ ഗണിത ക്ലബ്ബ്. |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക. | IT സാധ്യതകളിലൂടെ ജാമിതീയ രൂപങ്ങൾ ചതുഷ്ടീയകൾ, ടാൻഗ്രാം ഇതുപോലെയുള്ള പ്രവർത്തനങ്ങൾ ഐ ടി സി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ. | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനം. | ഗണിത ക്ലിനിക്ക്. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | വനിത അധ്യാപകരും സമർത്ഥരായ കുട്ടികളും. | |

# HIGH SCHOOL SECTION ACADEMIC MASTER PLANS

## MALAYALAM

| Sl. No | പേര് | ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചെലവ് | സ്രോതസ്സ് | ചുമതല |
|---|---|---|---|---|---|---|---|
| 1. | മധുരം മലയാളം | മലയാളം തെറ്റില്ലാതെ വായിക്കാനും പഠിക്കാനും സഹായിക്കുന്നു. | കേൾക്കുന്നവ തെറ്റില്ലാതെ എഴുതുക, സ്വന്തം ആശയങ്ങൾ എഴുതൽ, ഏറ്റെഴുത്തുകൾ (പഠന പിന്തുണക്കാർക്ക് കാർഡുകൾ വാക്യങ്ങൾ നിർമ്മാണങ്ങൾ etc.) | 3 മാസം | 500/- | സ്കൂൾ പിടിഎ | മലയാളം അധ്യാപകർ |
| 2. | പൊരുൾ തേടി | സാഹിത്യകൃതി കളിലെ ആശയങ്ങൾ കണ്ടെത്തി വിശകലനം ചെയ്യുക. | കഥ, കവിത, ലേഖനം, നാടകം തുടങ്ങിയ സാഹിത്യ രൂപങ്ങളിലെ ആശയങ്ങൾ കണ്ടെത്തുന്നു. (പിന്തുണ -ചിത്രവായന) | 6 മാസം | | സ്കൂൾ, വീട് | മലയാളം അധ്യാപകർ |
| 3. | എന്റെ മാഗസിൻ | സാമൂഹിക വിഷയങ്ങൾ ഉൾക്കൊള്ളുന്ന സ്വന്തം രചനകളിൽ ഏർപ്പെടുക . | കഥ, കവിത, ചിത്രം, ഉപന്യാസം, നാടകം തുടങ്ങി സ്വന്തം രചനകൾ ഉൾപ്പെടുത്തി | 8 മാസം | 1000/- | സ്വന്തം | മലയാളം അധ്യാപകർ, കുട്ടികൾ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | കൊണ്ട് കൈയെഴുത്ത് മാഗസിൻ തയ്യാറാക്കുന്നു. | | | | |

**ENGLISH**

| Sl. No | Aim | Activity | Period | Assigned to | Expense |
|---|---|---|---|---|---|
| 1.. | To improve listening skills of students. | The teacher provides opportunities in the class for listening to summaries of stories, poems, news etc. | Once a week | English teachers | Nil |
| 2. | To improve speaking skills in students. | The teacher encourages the students to speak in English at the time of classroom activities and asks them to deliver speeches on selected topics. | Once a week | English teachers | Nil |
| 3 | To improve reading skills in students. | The teacher provides opportunities to read in the class and encourages students to read English stories and novels. | Twice a week | English teachers | Nil |
| 4. | To improve writing skills in students. | The teacher provides opportunities to prepare discourses in the class by giving sudden topics. | Once a week | English teachers | Nil |

| | | | | | |
|---|---|---|---|---|---|
| 5. | Vocabulary building | The teacher discusses new words with students after each lesson and conducts dictations. | Once in two weeks | English teachers | Nil |
| 6. | Group discussions | The teacher organizes group discussions on the theme of the unit and asks them to present their views in the class. | Once in a month | English teachers | Nil |

## HINDI

| Sl. No | പേര്/ മേഖല | ഉദ്ദേശ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ചെലവ് | Remark |
|---|---|---|---|---|---|---|---|
| 1. | ഹിന്ദി ഭാഷാ വികസനം | ഹിന്ദി ഭാഷ അനായാസം എഴുതാനും വായിക്കാനും പഠിപ്പിക്കുക. | അക്ഷരങ്ങൾ, അടയാളങ്ങൾ, വാക്ക നിർമ്മിക്കൽ, വാക്യം നിർമ്മിക്കൽ എന്നിവ. | 2 മാസം | ഹിന്ദി ടീച്ചർ | സ്കൂൾ മാനേ ജ്മെന്റ്, പി ടി എ | |
| 2. | രാഷ്ട്രീയ ഭാഷാ അഭിരുചി | രാഷ്ട്രീയ ഭാഷയോടു ള്ള അഭിരുചി വർദ്ധിപ്പിക്ക ൽ | കഥാ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | 4 മാസം | ഹിന്ദി ടീച്ചർ | | |
| 3. | ഹിന്ദി ഭാഷ - മാതൃഭാഷ | മാതൃഭാഷ യെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ | പാഠഭാഗവുമാ യി ബന്ധപ്പെട്ട പ്രസിദ്ധ സാഹിത്യകാര ൻ മാരുടെ കഥകൾ, | 6 മാസം | ഹിന്ദി ടീച്ചർ | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പ്രാപ്തരാക്കു ക. | നോവലുകൾ എന്നിവ വായിച്ച് മനസ്സിലാക്കാനുള്ള അവസരം നൽകുന്നു. | | | | |

## സാമൂഹ്യശാസ്ത്രം

| Sl No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 1000/- |
| 2. | ഭൂപട പഠനം | എന്റെ ഭൂപടം കുട്ടികൾ തന്നെ തയ്യാറാക്കുന്നു. | ജൂൺ - ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ | - |
| 3. | ജനാധിപത്യം, പൗരബോധം, മൂല്യബോധം എന്നിവ കുട്ടികളിൽ വളർത്തുക. | സ്കൂൾ പാർലമെൻറ്, മോക്ക്പാർലമെൻറ്, പൗരബോധം സാമൂഹ്യ സേവനം ഇവക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | ഓഗസ്റ്റ് | അധ്യാപകർ, പി ടി എ, സ്കൗട്ട് ആൻഡ് ഗൈഡിങ് യൂണിറ്റ്, റെഡ് ക്രോസ് യൂണിറ്റ് | 1000/- |
| 4. | സാമൂഹ്യ പരിഷ്കർത്താക്കളെ തിരിച്ചറിയുക | സർവ്വേ, ആൽബം തയ്യാറാക്കൽ | സെപ്റ്റംബർ - ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | 500/- |
| 5. | പ്രാദേശിക ചരിത്രാവബോധം പഠിതാക്കളിൽ | പ്രാദേശിക ചരിത്ര പഠനത്തിനായി മുതിർന്ന | നവംബർ - ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ, സാമൂഹ്യശാസ്ത്ര | 500/- |

| | | | | | |
|---|---|---|---|---|---|
| | സൃഷ്ടിക്കുക | തലമുറകളോടുള്ള അഭിമുഖം സംഘടിപ്പിക്കുക, വിവരശേഖരണം നടത്തുക. | | ക്ലബ് | |
| 6. | വ്യത്യസ്തയിനം മണ്ണിനെക്കുറിച്ചും ഭൂപകൃതിയെ കുറിച്ചും പഠിക്കുക. | മണ്ണിനെക്കുറിച്ച് പ്രത്യേകം നിരീക്ഷണ പഠനം നടത്തുക. മണ്ണ്, പ്രകൃതി എന്നിവയുടെ സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ. പൊതുവിജ്ഞാന സദസ്സ് സംഘടിപ്പിക്കുക. | ജനുവരി | അധ്യാപകർ | 100/- |
| 7. | കുട്ടികളെ ഉന്നത നിലവാരം കൈവരിക്കാൻ പ്രാപ്തരാക്കുക. | പൊതു വിജ്ഞാന സദസ്സ് സംഘടിപ്പിക്കുക. | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | 150/- |

## PHYSICS

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര തൽപരത | ശാസ്ത്ര തത്വങ്ങളെ ആസ്പദമാക്കിയുള്ള പരീക്ഷണ നിരീക്ഷണങ്ങൾ, | വർഷം മുഴുവൻ | സയൻസ് ക്ലബ്, | പി ടി എ |

| | | | | |
|---|---|---|---|---|
| വർദ്ധിപ്പിക്കുക. | ശാസ്ത്ര മോഡലുകൾ ഇവ ഉൾപ്പെടുത്തി ക്ലാസ് തല, സ്കൂൾതല സയൻസ് എക്സ്പോ സംഘടിപ്പിക്കുക. | | സയൻസ് ടീച്ചേഴ്സ് | |
| കുട്ടികളിൽ അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കുക. | അനുദിന പത്രമാധ്യമങ്ങൾ, സോഷ്യൽ മീഡിയ ഇവയിലൂടെ ലഭിക്കുന്ന നൂതന അറിവുകൾ ക്രോഡീകരിച്ച് ശാസ്ത്ര ചോദ്യശേഖരണം തയ്യാറാക്കുകയും, ദേശീയ, സംസ്ഥാന, ജില്ലാതലങ്ങളിൽ ഉള്ള ക്വിസ് സെമിനാർ മുതലായതിയിൽ പങ്കെടുക്കുകയും ചെയ്യുന്നു. | വർഷം മുഴുവൻ | സയൻസ് ടീച്ചേഴ്സ് | മാതാപിതാക്കൾ, ടീച്ചേഴ്സ് |
| നിരന്തരം അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | മാനവ സമൂഹത്തിന് ഉപയുക്തമായ വിവിധ കാര്യങ്ങളെക്കുറിച്ച് പഠനം നടത്താൻ നൂതന ആശയങ്ങൾ ഉൾക്കൊള്ളിച്ച് പ്രോജക്ട് തയ്യാറാക്കുന്നു. | വർഷത്തിലൊരിക്കൽ | സയൻസ് ടീച്ചേഴ്സ്, റിസോഴ്സ് പേഴ്സൺ | പിടിഎ |
| ഊർജ്ജ പരിപാലനത്തെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുകയും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുകയും ചെയ്യുക. | വീടുകളിലും സ്കൂളുകളിലും ഉപയോഗിക്കുന്ന വൈദ്യുതോപകരണങ്ങൾ പട്ടികപ്പെടുത്തി ഓരോ ദിവസവും ഉപയോഗിക്കുന്ന വൈദ്യുതോർജ്ജം എത്രയെന്ന് കണ്ടെത്തുകയും വൈദ്യുത ബിൽ വിശകലനം ചെയ്യുകയും ഊർജ്ജ ഉപഭോഗം കുറയ്ക്കാനുള്ള മാർഗങ്ങൾ കണ്ടെത്തി നടപ്പിലാക്കുകയും ചെയ്യുന്ന | 6 മാസം | സയൻസ് ക്ലബ് | പി ടി എ |

# രസതന്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ. | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ. | ആറുമാസത്തി ലൊരിക്കൽ. | എസ് ആർ ജി, സയൻസ് ടീച്ചേഴ്സ് | - |
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ. | ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ കുട്ടികളെ പരിചയപ്പെടുത്തുക. പരീക്ഷണ കളരിയിൽ പരീക്ഷണങ്ങൾ പ്രദർശിപ്പിക്കൽ. | വർഷത്തിൽ ഒരുതവണ | സയൻസ് ക്ലബ് | 500/- |
| ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | സ്കൂൾതല സയൻസ് എക്സിബിഷൻ. മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ. | വർഷത്തിൽ ഒരു തവണ<br><br>ഒരു വർഷത്തിൽ മൂന്ന് മാസം | സയൻസ് ക്ലബ് | - |
| നിത്യജീവിതത്തിലെ രസതന്ത്രം പരിചയപ്പെടൽ. | സോപ്പ്, ഹാൻഡ് വാഷ്, ലോഷൻ നിർമ്മാണം. | വർഷത്തിൽ ഒരുതവണ | സയൻസ് ക്ലബ് | 500/- |

# ജീവശാസ്ത്രം

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | അഭിപ്രായങ്ങൾ |
|---|---|---|---|---|---|
| ശാസ്ത്രം | പരിസ്ഥിതി ദിനാചരണം പ്രാധാന്യം മനസ്സിലാക്കുന്ന ചിത്രരചന, പോസ്റ്റർ രചന, കവിതാലാപന മത്സരങ്ങളും പ്രദർശനവും. | ജൂൺ | ഷീജ മരീന, ലതിക മാത്യു | പി ടി എ 500/- | |
| കൃഷി | പച്ചക്കറി തോട്ടം നിർമ്മാണം, കൃഷിയുടെ വിവിധ ഘട്ടങ്ങൾ പരിചയപ്പെടുന്ന പ്രവർത്തനങ്ങൾ. | ജൂൺ -ജൂലൈ | ഷിബി മാത്യു, ഷീജ മരീന | കൃഷിഭവൻ, പി ടി എ | |
| ലഹരിക്കെതിരെ | ലഹരിക്കെതിരെ ബോധവൽക്കരണ ക്ലാസ്, പോസ്റ്റർ നിർമ്മാണം, ലഘു നാടകങ്ങൾ, പ്രതിജ്ഞ. | ജൂലൈ -ആഗസ്റ്റ് | സയൻസ് ടീച്ചേഴ്സ്, എക്സൈസ് ഡിപ്പാർട്ട്മെൻറ്, ആൻറി നാർക്കോട്ടിക് സെൽ ഏറ്റുമാനൂർ. | പി ടി എ | |
| നാട്ടറിവ് | പഴമക്കാരിൽ നിന്നും പകർന്നു കിട്ടിയ ഉപകാരപ്രദമായ അറിവുകൾ പ്രദർശിപ്പിക്കാനുള്ള അവസരം. | ആഗസ്റ്റ് | വർക്ക് എജുക്കേഷൻ ടീച്ചേഴ്സ്, സയൻസ് ടീച്ചേഴ്സ് | | |
| ഷുഗർ ബോർഡ് | കുട്ടികളിലെ പ്രമേഹവുമായി ബന്ധപ്പെട്ടുള്ള ചർച്ച ക്ലാസുകൾ, | ജൂലൈ -ആഗസ്റ്റ് | സയൻസ് ടീച്ചേഴ്സ് | | |

| | | | | | |
|---|---|---|---|---|---|
| | ബോർഡ് സ്ഥാപിക്കൽ. | | | | |
| അവയവദാനം | അവയവദാനത്തിന്റെ പ്രാധാന്യത്തെ കുറിച്ച് സെമിനാർ, ചർച്ചകൾ. | ആഗസ്റ്റ് | ബയോളജി ടീച്ചർ | | |
| ഹൃദയാരോഗ്യം | ഹൃദയാരോഗ്യവും ഭക്ഷണശീലവും എന്ന വിഷയത്തിൽ സെമിനാറുകൾ, ക്ലാസ്സുകൾ. | സെപ്റ്റംബർ | ആരോഗ്യവകുപ്പ്, സയൻസ് ടീച്ചേഴ്സ് | | |
| ദാരിദ്ര്യ നിർമ്മാർജ്ജനം, ഭക്ഷ്യ ദിനം, കൈകഴുകൽ | പോഷകസമൃദ്ധമായ ഭക്ഷണത്തിന്റെ പ്രാധാന്യം, ഭക്ഷണത്തോടുള്ള ബഹുമാനം, ആഹാരം പാഴാക്കരുത് എന്നുള്ള സന്ദേശം തുടങ്ങിയവ പ്രചരിപ്പിക്കുന്നു .<br><br>ആഹാരത്തിന് മുൻപും ശേഷവും കൈകൾ കഴുകുന്നത് ശീലിപ്പിക്കുന്നു. | ഒക്ടോബർ | എല്ലാ അധ്യാപകരും | | വീട്ടിൽനിന്ന് കൊണ്ടുവരുന്ന ഭക്ഷണം മുഴുവൻ കഴിപ്പിക്കാം, സോപ്പ് കയ്യിൽ കരുതാം. |
| ശാസ്ത്രദിന പ്രവർത്തനങ്ങൾ | കുട്ടികളുടെ ശാസ്ത്ര പ്രവർത്തനങ്ങൾ ഉൽപ്പന്നങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നു. അന്താരാഷ്ട്ര ശാസ്ത്ര ദിനവുമായി | നവംബർ | ശാസ്ത്ര അധ്യാപകർ | | പരമാവധി കുട്ടികളെ പങ്കെടുപ്പിക്കാം. |

| | | | | | |
|---|---|---|---|---|---|
| | ബന്ധപ്പെട്ട വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. | | | | |
| എയ്ഡ്സ് ബോധവൽക്കരണം | എയ്ഡ്സ് എന്ന മാരക വിപത്തിനെ കാരണങ്ങളും പ്രതിരോധവും ചർച്ച നടത്തുന്നു. | ഡിസംബർ | ജീവശാസ്ത്ര അധ്യാപിക | | |
| ആരോഗ്യം | ചിരിയും ആരോഗ്യവും എന്ന വിഷയത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. തമാശ കൂട്ടങ്ങൾ നടത്തുന്നു. | ജനുവരി | ഷീജ മരീന | | |
| പരിണാമം | ചാൾസ് ഡാർവിൻ എന്ന വ്യക്തിയെയും പരിണാമ സിദ്ധാന്തവും പരിചയപ്പെടുത്തുന്നു . പ്രത്യേക പരിപാടികൾ, ചർച്ചകൾ, പ്രദർശനങ്ങൾ. | ഫെബ്രുവരി | ജീവശാസ്ത്ര അധ്യാപികയും , ബ്രേക്ക് സയൻസ് സൊസൈറ്റി യുമായി ചേർന്ന്. | പിടിഎ | |
| ശാസ്ത്രദിനം | ഒരു വർഷമായി കുട്ടികൾ ചെയ്ത ശാസ്ത്ര പ്രവർത്തനങ്ങൾ ക്രോഡീകരിച്ചു കൊണ്ടുള്ള പ്രവർത്തനം. | മാർച്ച് | ശാസ്ത്ര അധ്യാപകർ | | |

# ഗണിതം

| മേഖല | പ്രവർത്തനങ്ങൾ | കാലാവധി | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| നിർമ്മിതി | ജാമിതി പെട്ടിയിലെ ഉപകരണങ്ങളുടെ ശരിയായ പ്രയോഗം.<br>● കോണളവ്<br>● സമാന്തര വരകൾ<br>● കോൺമാബിനിയുടെ ശരിയായ പ്രയോഗം. | ജൂൺ | സെൽഫ് | അധ്യാപകർ, മുന്നോട്ട നിൽക്കുന്ന കുട്ടികൾ |
| പുതിയ ഗണിത സമീപനം | ● ഗണിത കവിതകൾ<br>● ഗണിത വഞ്ചിപ്പാട്ട്<br>● ഗണിത നാടകം | ജൂലൈ | സെൽഫ് | മാക്സ് ക്ലബ് |
| സമവാക്യങ്ങൾ | ● നിത്യജീവിതവുമായി ബന്ധപ്പെട്ട ഒരു ചരം മാത്രമുള്ള സമവാക്യങ്ങൾ.<br>● രണ്ടാം കൃതി സമവാക്യങ്ങൾ രൂപീകരണം പരിഹാരം.<br>● സമവാക്യങ്ങൾ നിർദ്ധാരണം .<br>● X ന്റെ വില കാണുന്ന രീതി. | ആഗസ്റ്റ് | സെൽഫ് | അധ്യാപകർ |
| ഘനരൂപങ്ങൾ | ● ഘന രൂപ നിർമ്മിതി.<br>- ചതുരസ്തംഭം, സമചതുരസ്തംഭം, ക്യൂബ്.<br>● പാദം വ്യത്യസ്തങ്ങളായ ബഹുഭുജങ്ങളായ സ്തംഭങ്ങൾ.<br>● സ്തൂപികകൾ | സെപ്റ്റംബർ | സെൽഫ് | മാക്സ് ക്ലബ് ടീച്ചേഴ്സ് |
| ഗണിതശാസ്ത്ര മേള | ഗണിത താല്പര്യമുള്ള കുട്ടികളെ ശാസ്ത്രമേളയ്ക്കായി ഒരുക്കുന്ന, | 3 മാസം | സ്കൂൾ, പി ടി എ | ടീച്ചേഴ്സ് |

| | | | | |
|---|---|---|---|---|
| | ഉൽപ്പന്നങ്ങളുടെ പ്രദർശനം മികച്ചവ തിരഞ്ഞെടുക്കുന്നു. കൂടുതൽ പരിശീലനം നൽകുന്നു. | | | |
| പിന്നോക്കക്കാർക്ക് പഠന പിന്തുണ | പിയർ ഗ്രൂപ്പ് തിരിച്ച് പിന്തുണ ആവശ്യമായ കുട്ടികൾക്ക് പഠന പിന്തുണ നൽകുന്നു. | വർഷം മുഴുവൻ | | പിയർ ഗ്രൂപ്പ്, ടീച്ചേഴ്സ് |
| ഗണിത മാഗസിൻ | എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഗണിതമാഗസിനിലേക്ക് സൃഷ്ടികൾ കണ്ടെത്തുന്നു. ഗണിതവുമായി ബന്ധപ്പെട്ട എല്ലാ സൃഷ്ടികളും ഉൾപ്പെടുത്തി ഗണിതമാഗസിൻ തയ്യാറാക്കുന്നു. | വർഷം മുഴുവൻ | | ടീച്ചേഴ്സ് |

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി സൗഹാർദ ക്യാമ്പസ് | തണൽ മരം വെച്ചുപിടിപ്പിക്കുക, പൂന്തോട്ടം മെച്ചപ്പെടുത്തൽ, പച്ചക്കറിത്തോട്ട-ഔഷധത്തോട്ട നിർമ്മാണം. | അക്കാദമിക വർഷം | പ്രവർത്തിപരിചയ അധ്യാപിക, ക്ലാസ് അധ്യാപകർ, കുട്ടികൾ | സ്കൂൾ മാനേജ്മെൻറ്, പിടിഎ, കൃഷിഭവൻ |
| ചിലവ് കുറഞ്ഞ പോഷക ആഹാരം തയ്യാറാക്കുക. ഭക്ഷ്യവിഭവങ്ങൾ കേടുകൂടാതെ സംസ്കരിക്കുക. | പരിസരത്ത് ലഭ്യമാകുന്ന വിവിധതരം ഇല വർഗങ്ങളും ഭക്ഷ്യയോഗ്യമായ മറ്റു വസ്തുക്കളും ഉപയോഗിച്ച് പോഷകാഹാരം തയ്യാറാക്കുന്നു. | അക്കാദമിക വർഷം | പ്രവർത്തിപരിചയ അധ്യാപിക, ക്ലാസ് അധ്യാപകർ | വിദ്യാർത്ഥികൾ |

| | | | | |
|---|---|---|---|---|
| | സീസൺ അനുസരിച്ച് ലഭ്യമാകുന്ന പഴവർഗങ്ങളും പച്ചക്കറികളും കേടുകൂടാതെ സംസ്കരിക്കുന്നു. | | | |
| കുട്ടികൾക്ക് സമൂഹത്തോടുള്ള പ്രതിബദ്ധത വളർത്തുക. ഹരിത ഭാവിക്കുവേണ്ടിയുള്ള സുസ്ഥിരമായ പ്രവർത്തനം. | പേപ്പർ ബാഗ് നിർമ്മാണം, ന്യൂസ് പേപ്പർ ബാസ്കറ്റ് നിർമ്മാണം. | ജൂലൈ ജൂലൈ 12ന് പേപ്പർ ബാഗ് ഡേ. | പ്രവർത്തിപരിചയ അധ്യാപിക | പി ടി എ |
| പ്രവർത്തിപരിചയ പരിശീലനം. | സവിശേഷ കഴിവുകൾ ഉള്ള കുട്ടികൾക്ക് പ്രവർത്തി പരിചയം ഇനത്തിൽ പരിശീലനം നൽകി മികച്ചവൽപ്പനങ്ങൾ നിർമ്മിക്കുകയും മേളകളിൽ പങ്കെടുപ്പിക്കുകയും ചെയ്യുക. | ജൂൺ ജൂലൈ ആഗസ്റ്റ് | പ്രവർത്തിപരിചയ അധ്യാപിക, അതാത് പ്രവർത്തനങ്ങളിലെ വിദഗ്ധർ | കുട്ടികൾ |
| സ്വയംതൊഴിൽ പരിശീലനം. | സ്വയംതൊഴിൽ നൈപുണ്യ വികസനത്തിന്റെ ഭാഗമായി വസ്ത്ര നിർമ്മാണ പ്രവർത്തനങ്ങളും, എംബ്രോയിഡറി പരിശീലനവും നടത്തുന്നു.<br><br>ഫാബ്രിക് പെയിൻറിംഗ്, വെജിറ്റബിൾ പ്രിന്റിംഗ്, സ്റ്റൻസിൽ എന്നിവയിലും | അക്കാദമിക വർഷം | പ്രവർത്തി പരിചയം യൂണിറ്റ് | സ്കൂൾ മാനേജ്മെൻറ്, പിടിഎ, മറ്റ് സഹായികൾ |

| | | | | |
|---|---|---|---|---|
| | പരിശീലനം നൽകുന്നു. | | | |
| ഉപയോഗശൂന്യമെന്ന് കരുതുന്ന വസ്തുക്കൾ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ അലങ്കാരവസ്തുക്കൾ എന്നിവയുടെ നിർമ്മാണം, മറ്റു ഉപയോഗമായ വസ്തുക്കൾ ഉണ്ടാക്കുക.<br><br>വിവിധതരം പേപ്പർ ഉപയോഗിച്ച് പൂക്കൾ നിർമ്മാണം. | ചിരട്ട, മുള ഇവ ഉപയോഗിച്ചുള്ള വസ്തുക്കൾ നിർമ്മിക്കുക.<br><br>ചിരട്ട തവി, ചവിട്ടി, പഴയ ജീൻസ് ഉപയോഗിച്ച് ബാഗ് എന്നിവയുടെ നിർമ്മാണം.<br><br>പൂക്കൾ, ബൊക്കെ നിർമ്മാണവും അലങ്കാരവും . ഒറിഗാമി രൂപങ്ങൾ നിർമ്മിക്കുക. | അക്കാദമിക വർഷം | പ്രവർത്തി പരിചയം അധ്യാപിക | സ്കൂൾ മാനേജ്മെൻറ്, പി ടി എ |
| ക്ലാസ് റൂം പ്രവർത്തനങ്ങൾക്കും ഓഫീസ് ആവശ്യത്തിനുമായ വസ്തുക്കൾ നിർമ്മിക്കുക. | ഓഫീസ് ഫയൽ, റൈറ്റിംഗ് ബോർഡ്, ഫ്ലെക്സി ഫയൽ, ബുക്ക് ബൈൻഡിങ്, പൗച്ച് നിർമ്മാണം, കുട നിർമ്മാണം | അക്കാദമിക വർഷം<br><br>നവംബർ മുതൽ ഫെബ്രുവരി വരെ | പ്രവർത്തിപരിചയ അധ്യാപിക, ക്ലാസ് അധ്യാപകർ | പി ടി എ |
| സ്വന്തം കഴിവുകൾ തിരിച്ചറിയുക. അവസരങ്ങൾ ആക്കി മാറ്റുക. | വിദഗ്ധരെ പങ്കെടുപ്പിച്ചു ക്ലാസുകൾ നടത്തുക | ഓഗസ്റ്റ് സെപ്റ്റംബർ | | പി ടി എ |
| പ്ലംബിങ് പരിശീലനം | വിദഗ്ധരെ പങ്കെടുപ്പിച്ച് പരിശീലന ക്ലാസുകൾ നടത്തുന്നു. | ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | പ്രവർത്തിപരിചയ ക്ലബ് | മാനേജ്മെൻറ്, പി ടി എ |

# കായിക വിദ്യാഭ്യാസം (യു.പി & ഹൈസ്കൂൾ)

| | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | സൂംബ, എയ്റോബിക്സ് എക്സസൈസുകൾ സംഗീതത്തിന്റെ സഹായത്തോടെയും അല്ലാതെയും സ്കൂൾ ഗ്രൗണ്ടിലും സ്കൂൾ പരിസരങ്ങളിലും ചെയ്യുന്നു. | കായിക ക്ഷമത കൈവരിക്കൽ ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ | അക്കാദമിക വർഷം | കായിക അധ്യാപിക, ക്ലാസ് അധ്യാപകർ | സ്കൂൾ മാനേജ്മെന്റ്, അധ്യാപകർ, പി ടി എ |
| 2. | ക്ലാസ് അടിസ്ഥാനത്തിൽ അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള എല്ലാ കുട്ടികളെയും യോഗ പരിശീലിപ്പിക്കുന്നു. | മാനസികാരോഗ്യം, ശാന്തത, ശക്തി, ആരോഗ്യ ക്ഷമത ഇവ കൈവരിക്കുന്നു. | അക്കാദമിക വർഷം | കായിക അധ്യാപിക | സ്കൂൾ |
| 3. | 5-10 ക്ലാസുകളിൽ കുട്ടികൾക്ക് ട്രാഫിക് നിയമങ്ങളെക്കുറിച്ച് ക്ലാസ്സ് നൽകുന്നു.<br>വാർത്ത, കൊളാഷ് വിശകലനം, ചിത്രീകരണം, വീഡിയോ പ്രദർശനം, അടയാള വിളക്കുകൾ, സിഗ്നൽ ബോർഡുകൾ തുടങ്ങിയവയെ കുറിച്ച് ചർച്ചകളിലൂടെ പരിശീലിപ്പിക്കുന്നു. | റോഡ് നിയമങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക. | അക്കാദമിക വർഷം | കായിക അധ്യാപിക, ക്ലാസ് അധ്യാപകർ | സ്കൂൾ മാനേജ്മെൻറ്, അധ്യാപകർ, പി ടി എ |

## ലൈബ്രറി സംവിധാനം

വായനയുടെ വിശാല ലോകത്തേക്ക് ആഭിമുഖ്യം വളർത്തുന്നതിന് സംഹായകമാംവിധം സ്കൂൾ ലൈബ്രറി കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. കൊച്ചുകുട്ടികൾക്കു മുതൽ വായിക്കുന്നതിന് സഹായകമായ വിവിധതരം പുസ്തകങ്ങൾ ഇവിടുണ്ട്. അധ്യാപകർക്കുള്ള Reference പുസ്തകങ്ങൾ, മാതാപിതാക്കൾക്ക് വായിക്കുന്നതിനുള്ള പുസ്തകങ്ങൾ, മാസികകൾ തുടങ്ങിയവയൊക്കെയും, ആവശ്യാനുസരണം സ്കൂൾ ലൈബ്രറിയിലുണ്ട്. അവയൊക്കെയും കൃത്യമായി ഉപയോഗിച്ചു വരികയും ചെയ്യുന്നു.

## ഡിജിറ്റൽ ലൈബ്രറി

സൈബർ കാലത്തിനിണങ്ങുന്ന വിധത്തിൽ ഡിജിറ്റൽ ലൈബ്രറി സംവിധാനം, Little kites Unit ന്റെ നേതൃ ത്വത്തിൽ സജീവമായി പ്രവർത്തിക്കുന്നത്. കുട്ടികളു സർഗാത്മക രചനയെയും നൈപുണിയെയും വർധിപ്പിക്കുന്നതിനിട നൽകുന്നു. ICT സാധ്യതകൾ ക്രിയാത്മകമായി ഉപയോഗിക്കുന്നത് തുടരുക.

## ഉപസംഹാരം

ഒരു നൂറ്റാണ്ട് പിന്നിട്ട പ്രവർത്തന പാരമ്പര്യവുമായി നിലകൊള്ളുന്ന ഈ വിദ്യാലയം എക്കാലവും ഗവൺമെന്റിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ കൃത്യമായി ശ്രദ്ധിച്ചു പോരുന്നു. പാഠ്യേതര രംഗങ്ങളിൽ വിദ്യാർത്ഥികളെ അവർക്കിണങ്ങുന്ന രീതിയിൽ വളർത്തിയെടുക്കുന്നതിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ വിദ്യാലയം എക്കാലവും കാഴ്ചവെച്ചിട്ടുള്ളത്.

സമൂഹത്തിന് മുതൽക്കൂട്ടാകുന്ന പൗരന്മാരെ സൃഷ്ടിക്കുവാൻ ഈ വിദ്യാലയത്തിന് ഉതകുന്ന രീതിയിലുള്ള കാഴ്ചപ്പാടുകൾ ദീർഘവീക്ഷണത്തോടെ തന്നെ കുഞ്ഞുങ്ങളിലേക്കെത്തിക്കുവാൻ ശ്രദ്ധ പുലർത്തുന്നു. കാലികമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വിവരസാങ്കേതിക വിദ്യയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള വിദ്യാഭ്യാസം നടന്നുവരുന്നു. വരും വർഷങ്ങളിലും വിദ്യാലയ പ്രവർത്തനങ്ങളെ വിജയകരമാക്കുവാൻ സഹകരിക്കുന്ന എല്ലാ അഭ്യുദയകാംക്ഷികളോടും നന്ദി ഉൾച്ചേർത്തുകൊള്ളുന്നു. ഒപ്പം 2025-26 അക്കാദമിക വർഷത്തെ മാസ്റ്റർപ്ലാൻ അങ്ങേയറ്റം ശ്രദ്ധയോടെ നടപ്പിലാക്കാൻ പരിശ്രമിക്കുമെന്നുള്ള ഉറച്ച വിശ്വാസത്തോടെ ഈ വിദ്യാലയം മുന്നേറുകയാണ്.

കുട്ടികളെ ഉന്നത നിലവാരത്തിലുള്ളവരാക്കി മാറ്റുവാൻ എല്ലാവിധ അക്കാദമിക പിന്തുണ സംവിധാനങ്ങളും ഉപയോഗിച്ച് തയ്യാറാക്കിയ ഈ അക്കാദമിക മാസ്റ്റർപ്ലാൻ ലക്ഷ്യപൂർത്തീകരണം സാധ്യമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.